പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 546 — 09.07.2012 - ൽ മറുപടിക്ക്**

## അരിവിലയുടെ നിയന്ത്രണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ഡോ: ടി.എം. തോമസ് ഐസക്ക്**<br>**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ. കെ.വി. വിജയദാസ്** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) പൊതുവിപണിയിൽ അരിവില കുതിച്ചുയരുമ്പോൾ സർക്കാർ നിഷ്ക്രിയമായിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമെന്താണ്; | എ) ഇല്ല |
| ബി) സർക്കാർ വിപണിയിൽ ഇടപെടാറുണ്ടോ; ഇല്ലെങ്കിൽ അത് വിലവർദ്ധനവിന് കാരണമാകുന്നുണ്ടോ; | ബി) സർക്കാർ വിപണിയിൽ ഇടപെടുന്നുണ്ട്. |
| സി) അരിവില കൂടിയപ്പോൾ മുൻസർക്കാരിൻെറ കാലത്ത് കൺസ്യൂമർ ഫെഡ്ഡിൻെറ ഔട്ട്ലെറ്റ് വഴിയും സഹകരണ ചന്തകളിലൂടെയും വിലകുറച്ച് അരിനൽകി വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട് |
| ഡി) അരിവില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു? | ഡി) അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ/എ.എ.വൈ കാർഡ് ഉടമകൾക്കും കിലോയ്ക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം യഥാക്രമം 25 കിലോയും 35 കിലോയും അരി വിതരണം ചെയ്തു വരുന്നു. കൂടാതെ ബി.പി.എൽ കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിൽ ഗോതമ്പും നല്കി വരുന്നു. ഇതിൻെറ ആനുകൂല്യം 20.43 |

ലക്ഷം കാർഡ് ഉടമകൾക്ക് ലഭിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 42.47 ലക്ഷം എ.പി.എൽ കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ടുരൂപ നിരക്കിൽ അരിയും ഗോതമ്പും നൽകി വരുന്നു. അരി വില നിയന്ത്രി ക്കുന്നതിന് ശക്തമായ മാർ ക്കറ്റിടപെടൽ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേ ഷൻ വഴി 'സോർട്ടക്സ് ഇനം പച്ചരി, മട്ട അരി എന്നിവ 16 രൂപ നിരക്കിൽ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമേ ഗുണനിലവാരമുള്ള ജയ, കുറുവ എന്നീയിനം അരി കൂടി കുറഞ്ഞ നിരക്കിൽ സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപ നങ്ങൾ വഴി വിപണിയിലെ ത്തിക്കാൻ ആവശ്യമായ നടപടിക ളെടുത്തുവരുന്നു. ഇപ്രകാരം കുറഞ്ഞ വിലയിൽ മേൽത്തരം അരിയും പൊതുവിതരണ ശൃംഖ ല വഴി എത്തിക്കുന്ന അരിയും വിപണിയിലെത്തുമ്പോൾ അരി വില വർദ്ധനവ് നിയന്ത്രിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ.